## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2324 — 09.03.2018 ന് മറുപടിയ്ക്ക്.

### വന്യജീവി സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം രൂക്ഷമായ വരൾച്ചയുണ്ടാകുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്യജീവികൾക്ക് നാശം സംഭവിക്കാതിരിക്കുവാൻ വനമേഖലയിലെ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ഈ വർഷം ഉണ്ടാകുന്ന വരൾച്ചയെ നേരിടുന്നതിനും, വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ഈ വർഷവും സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പ പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും, 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ, ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുകയും നാശനഷ്ടമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിൽ വന്യജീവികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) വനത്തിനുള്ളിൽ വന്യജീവികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ ആവശ്യാനുസരണം ജലസ്രോതസ്സുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ തുടർന്നു വരുന്നു. |
| (സി) വനപ്രദേശങ്ങളിൽ മൃഗങ്ങൾക്കാവശ്യമായ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി വിജയപ്രദമാണോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണയോഗ്യമായ ഫലവൃക്ഷങ്ങൾ മാത്രം വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേകമായി ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന തൈകളിൽ ഫലവൃക്ഷങ്ങളും ഉൾപ്പെടാറുണ്ട്. ഇത്തരം വനവല്ക്കരണ പ്രവർത്തികൾ വന്യജീവികളുടെ ആവാസവ്യവസ്ഥ പുഷ്ടിപ്പെടുത്താൻ ഉപകരിക്കു-ന്നതായി കാണപ്പെടുന്നു. |

സെക്ഷൻ ഓഫീസർ